'103590/2023

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**
(ഹാജർ. പ്രിയങ്ക ജി IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ്, ഡയറക്ടറേറ്റ് –സ്കീം ഫോർ അഡോളസെന്റ് ഗേൾസ് 2022-23 അനുപൂരക പോഷകാഹാര പദ്ധതി ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:
1. സ.ഉ (സാധാ) നം.111/2023,വശിവിവ,തീയതി 23-02-2023
2. 24-03-2023 ലെ വയനാട് പ്രോഗ്രാം ഓഫീസറുടെ DICDS/WYD/36/2023-C നം ഉത്തരവ്.
3. 28-03-2023 ലെ വനിതശിശുവികസന ഡയറക്ടറുടെ DWCD/20389/2021-ICDSA5 നം ഉത്തരവ്.
4. സ.ഉ(സാധാ) നം262/2023/വശിവിവ ,തീയതി 12-05-2023
5. 27-05-2023 ലെ വനിതശിശുവികസന ഡയറക്ടറുടെ DWCD/20389/2021-ICDSA5 നം ഉത്തരവ്.

**ഉത്തരവ് നം. DWCD/20389/2021-ICDSA5 തീയതി: 03-07-2023**

സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതി 2022-23 സാമ്പത്തിക വർഷം മുതൽ കേരളത്തിലെ ആസ്പിറേഷൻ ജില്ലയായ വയനാട് ജില്ലയിലെ 14-18 വയസ്സുവരെയുള്ള കൗമാരപ്രായക്കാരായ എല്ലാ പെൺകുട്ടികൾക്കുമായി പദ്ധതി പരിഷ്കരിച്ചിട്ടുണ്ട്. പരിഷ്കരിച്ച പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം രാജ്യത്തെ തെരഞ്ഞെടുക്കപ്പെടുന്ന പ്രദേശങ്ങളിലെ 14-18 വയസ്സുവരെയുള്ള പെൺകുട്ടികളുടെ ആരോഗ്യ-പോഷണനിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ nutritional component ഇനത്തിലും IFA supplementation,ആരോഗ്യ പരിശോധന, referral service, ആരോഗ്യ പോഷണ വിദ്യാഭ്യാസം , നൈപുണ്യവികസനം തുടങ്ങിയവ Non nutrition Component ഇനത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയിലെ nutritional component ലേയ്ക്കായി 50: 50 എന്ന അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തുക വിനിയോഗിക്കുന്നതിന് കേന്ദ്രസർക്കാർ വ്യവസ്ഥ ചെയ്യുന്നുണ്ട്.

പരിഷ്കരിച്ച സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ ആരോഗ്യ പോഷണ നിലവാരം ഉയർത്തുന്നതിലേയ്ക്കായി ഒരു ദിവസം 600 കലോറിയും, 18-20 ഗ്രാം പ്രോട്ടീനും മൈക്രോന്യൂട്രിയൻസും ഉൾപ്പെടുന്ന പോഷകാഹാരം നൽകുന്നതിലേയ്ക്കായി കേന്ദ്രസർക്കാരിന്റെ "സക്ഷം അങ്കണവാടി പോഷൺ 2.0" ഗൈഡ് ലൈനിൽ നിർദ്ദേശിച്ചിട്ടുണ്ട്. വകുപ്പു മുഖേന പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതിയും സംസ്ഥാന വിഹിതം അനുവദിച്ചുകൊണ്ടുള്ള ഉത്തരവും പരാമർശം (1) പ്രകാരം സർക്കാരിൽ നിന്നും ലഭ്യമാകുകയും അനുവദിച്ചുവന്ന സംസ്ഥാന വിഹിതം തുക പദ്ധതിയ്ക്കായുള്ള SNA അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട് . പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് അനുവദനീയമായ ഗോതമ്പിന് പുറമേ 60 ഗ്രാം റാഗിയും 10 ഗ്രാം ശർക്കരയും ഒരു മാസം 25 ദിവസം എന്ന രീതിയിൽ വിതരണം ചെയ്യുന്നതിനു നിർദ്ദേശിച്ചിട്ടുണ്ട്. 60 ഗ്രാം റാഗിയും 10ഗ്രാം **ശർക്കരയുമായി** ചെലവാകുന്ന തുകയുടെ വിശദാംശം വയനാട് പ്രോഗ്രാം ഓഫീസറിൽ നിന്നും പരാമർശം

(2) പ്രകാരം ലഭ്യമാക്കുകയുണ്ടായി. ആയത് പ്രകാരം പദ്ധതിയിൽ ഉൾപ്പെട്ട 14-18 വയസ്സുവരെയുള്ള 8 പ്രോജക്റ്റുകളിലെ പെൺകുട്ടികൾക്ക് 60 ഗ്രാം റാഗിയും, കൽപ്പറ്റ പ്രോജക്റ്റിനും പനമരം അഡീഷണൽ പ്രോജക്റ്റിനും 10 ഗ്രാം ശർക്കരയും 25 ദിവസം വിതരണം ചെയ്ത വകയിൽ ആകെ **19,46,307** രൂപ പരാമർശം (3) പ്രകാരം സംസ്ഥാന വിഹിതം അനുവദിച്ചുവന്ന തുകയിൽ നിന്നും അനുവദിക്കുകയുണ്ടായി.

പരാമർശം (4) സർക്കാർ ഉത്തരവ് പ്രകാരം പദ്ധതിയ്ക്കായി 2235-02-102-40-01 ശീർഷകത്തിൽ നിന്നും SAG പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് കേന്ദ്രത്തിൽ നിന്നും ജനറൽ കാറ്റഗറി ഇനത്തിൽ ലഭ്യമായിട്ടുള്ള 55.78 ലക്ഷം രൂപയും അതിന് ആനുപാതികമായ സംസ്ഥാന വിഹിതം 30.78 ലക്ഷം രൂപ 2235-02-102-40-02 ശീർഷകത്തിൽ നിന്നും കണ്ടെത്തി ആകെ **86.56 ലക്ഷം രൂപ** ന്യൂട്രീഷ്യൻ കമ്പോണന്റ് ഇനത്തിലെ ചെലവുകൾക്കായി SNA അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനുള്ള അനുമതി ലഭ്യമാകുകയും ആയത് പരാമർശം (5) പ്രകാരം SNA അക്കൗണ്ടിൽ നിക്ഷേപിക്കുകയുണ്ടായി.

മേൽ സാഹചര്യത്തിൽ 2022-23 സാമ്പത്തിക വർഷം അനുപൂരകപോഷകാഹാര ഇനത്തിൽ വയനാട് ജില്ലയിലെ 6 പ്രോജക്റ്റുകളിലെ ഗുണഭോക്താക്കൾക്ക് പ്രതിദിനം 10ഗ്രാം വീതം ശർക്കര വിതരണം ചെയ്ത വകയിൽ ഇനി അനുവദിക്കാനുള്ള തുക 2,09,849 രൂപ **(രണ്ട് ലക്ഷത്തി ഒൻപതിനായിരത്തി എണ്ണൂറ്റിനാല്പത്തിയൊമ്പത് രൂപ മാത്രം)** അനുവദിച്ച് ഉത്തരവാകുന്നു.

ഇതിലേയ്ക്കാവശ്യമായ തുക 2,09,849 രൂപ പ്രസ്തുത പദ്ധതിക്കായി വനിതശിശുവികസന ഡയറക്ടറുടെ പേരിലുള്ള SNA അക്കൗണ്ടായ കേരള ഗ്രാമീൺ ബാങ്കിന്റെ **40341101052967** **(IFSC-KLGB0040341)** **നിന്നും** നിന്നും വയനാട് ജില്ലാവനിതശിശുവികസന ഓഫീസർക്ക് limit set ചെയ്ത് നൽകേണ്ടതും ജില്ലാ വനിതശിശുവികസന ഓഫീസർ തുടർന്ന് ചുവടെ ചേർക്കുന്ന പട്ടിക പ്രകാരം ശിശുവികസന പദ്ധതി ഓഫീസർമാർക്ക് limit set ചെയ്ത് നൽകേണ്ടതും സിഡിപിഒ മാർ **[1.4] ന്യൂട്രീഷ്യൻ [KL]** എന്ന കമ്പോണന്റിൽ നിന്നും പ്രസ്തുത ആവശ്യത്തിലേയ്ക്കുള്ള തുക പിൻവലിക്കാവുന്നതാണ്. ടി തുക സിഡിപിഒ, സൂപ്പർവൈസർമാർ ശുപാർശചെയ്യുന്ന പ്രകാരം അതാത് വിതരണ സ്ഥാപനങ്ങളെ PFMS ൽ vendour ആയി ചേർത്ത് തുക അനുവദിക്കേണ്ടതാണ്. ( Scheme code . KL 250)

| ക്രമനം | പ്രോജക്റ്റ് | അനുവദിക്കുന്ന തുക |
|---|---|---|
| 1 | കൽപ്പറ്റ അഡീഷണൽ | 35215 |
| 2 | സുൽത്താൻബത്തേരി | 37655 |
| 3 | സുൽത്താൻബത്തേരി അഡീഷണൽ | 33845 |
| 4 | പനമരം | 35050 |
| 5 | മാനന്തവാടി | 34884 |
| 6 | മാനന്തവാടി അഡീഷണൽ | 33200 |
| | **ആകെ** | 2,09,849 |

**(രണ്ട് ലക്ഷത്തി ഒൻപതിനായിരത്തി എണ്ണൂറ്റിനാല്പത്തിയൊമ്പത് രൂപ മാത്രം)**

ഇപ്രകാരം അനുവദിച്ച തുക ചെലവഴിച്ചതിന്റെ ധനവിനിയോഗസാക്ഷ്യപത്രം പ്രോഗ്രാം ഓഫീസർ ക്രോഡീകരിച്ച് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

/103590/2023

വനിത ശിശു വികസന ഡയറക്ടർ

പകർപ്പ് :

1. സൂപ്രണ്ട് എ സെക്ഷൻ
2. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

igned by Priyanka G
ate: 03-07-2023 12:52:41